**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1302** **07-02-2023 - ൽ മറുപടിയ്ക്ക്**

**ദേശീയ പാത 66 ന്റെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി യു പ്രതിഭ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ദേശീയ പാത 66 ന്റെ വികസനത്തിന്റെ ഭാഗമായി കായംകുളം കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോയുടെ പടിഞ്ഞാറ് ഭാഗത്ത് കരിപ്പുഴ തോടിന് കുറുകെ നിർമ്മിക്കുന്ന പാലത്തിനായി നിലവിൽ തയ്യാറാക്കിയ രൂപരേഖയിൽ പ്രസ്തുത പാലത്തിന്റെ പടിഞ്ഞാറ് ഭാഗത്തേക്ക് പ്രവേശിക്കുന്നതിനായുള്ള സർവ്വീസ് റോഡുകൾ ഉൾപ്പെടുത്തിയിട്ടില്ല എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. സ്ഥലത്തിന്റെ ലഭ്യതക്കുറവ് മൂലം നിലവിൽ പാലത്തിന്റെ കിഴക്ക് വശത്ത് മാത്രമേ സർവ്വീസ് റോഡുകൾ രൂപകൽപന ചെയ്തിട്ടുള്ളൂ. പാലത്തിന്റെ പടിഞ്ഞാറ് ഭാഗത്ത് കൂടി സർവ്വീസ് റോഡുകൾ നൽകുന്നതിനുള്ള സാധ്യത പരിശോധിച്ച് വരുന്നതായി ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഈ വിഷയം പരിഹരിക്കുന്നതിനും ഒ.എൻ.കെ. ജംഗ്ഷൻ മുതൽ വനിതാ പോളിടെക്നിക് വരെയുള്ള ഭാഗത്ത് സർവ്വീസ് റോഡുകൾ നിർമ്മിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | ഒ.എൻ.കെ. ജംഗ്ഷൻ മുതൽ വനിതാ പോളിടെക്നിക് വരെയുള്ള ഭാഗത്ത് സർവ്വീസ് റോഡുകൾ നിർമ്മിക്കുന്ന വിഷയം അതിന്റെ സാങ്കേതിക സാധ്യത വിലയിരുത്തിയ ശേഷം പരിഗണിക്കുന്നതാണെന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ